വിവരാവകാശ നിയമപ്രകാരം സമർപിക്കുന്ന അപ്പീൽ

Appeal for RTI 2.

അപക്ഷേകൻ
ബി.അജിത് രാജ്
സ്റ്റാഫ് റിപ്പോർട്ടർ,
മാതൃഭൂമി
തിരുവനന്തപുരം

സ്വീകർത്താവ്,
മെമ്പർ സെക്രട്ടറി
(അപ്പീൽ അധികാരി)
കെ ഡിസ്ക്
വഴുതക്കാട്

സർ,

വിഷയം: വിവരാവകാശ നിയമപ്രകാരം നൽകിയ അപേക്ഷയിൽ കൃത്യമായ വിവരം ലഭ്യമാകാത്തതിനെ തുടർന്ന് സമർപിക്കുന്ന അപ്പീൽ

സൂചന: താങ്കളുടെ കാര്യാലയത്തിൽ നിന്നും 696-2022 എന്ന നമ്പരിൽ 4-1-23 ന് ലഭിച്ച കത്ത്

വിവരാവകാശ നിയമപ്രകാരം നൽകിയ അപേക്ഷയിൽ കൃത്യമായി മറുപടി ലഭ്യമാകാത്തതിനെ തുടർന്ന് നിയമത്തിലെ 19(1)-ാം വകുപ്പ് പ്രകാരം സമർപിക്കുന്ന അപ്പീൽ

10/1/23

വിവരാവകാശ നിയമപ്രകാരം താങ്കളുടെ ഓഫീസിൽ നിന്നും ലഭിച്ച വിവരങ്ങൾ അപൂർണ്ണമാണ്. ചില വിവരങ്ങൾ മനപൂർവ്വം നിഷേധിച്ചിട്ടുണ്ട്. രണ്ടാമത്തെ ചോദ്യത്തിന് ജില്ലാ തലത്തിലെ നിയമനങ്ങളെക്കുറിച്ച് ഉത്തരം നൽകിയിട്ടില്ല. ചോദ്യം പൊതുതാത്പര്യമുള്ളതായി കാണാൻ കഴിയില്ലെന്നാണ് മറുപടി. സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥാപനത്തിലെ നിയമനങ്ങൾ വിവരാവകാശ നിയമപ്രകാരം വെളിപ്പെടുത്തേണ്ട ബാധ്യത താങ്കളുടെ ഓഫീസിനുണ്ട്. വിവരങ്ങൾ രഹസ്യമായി സൂക്ഷിക്കാനുള്ള വകുപ്പ് എട്ടിൽ നിയമനങ്ങൾ ഉൾക്കൊള്ളിച്ചിട്ടില്ല എന്നതും വ്യക്തമാക്കുന്നു.

ഒന്നാമത്തെ ചോദ്യത്തിന് 4613 പേജുകളുടെ പകർപ്പുകളുണ്ടെന്ന് താങ്കളുടെ കാര്യാലയത്തിൽ നിന്നും അറിയിച്ചിട്ടുണ്ട്. വിവരാവകാശ നിയമപ്രകാരം പകർപ്പെടുക്കുന്നതിന് മുമ്പ് ഇവ പരിശോധിക്കാൻ അനുമതി നൽകേണ്ടതുണ്ട്. ടി ഫയലുകൾ പരിശോധിക്കാൻ അനുമതി നൽകണമെന്ന് ആവശ്യപ്പെടുന്നു. 5-ാം ചോദ്യത്തിൽ താങ്കളുടെ സ്ഥാപനത്തിലെ നിയമനങ്ങളെക്കുറിച്ചാണ് വിവരങ്ങൾ തേടിയത്. അതിന് മറ്റൊരു സ്ഥാപനത്തിലേക്ക് കൈമാറിയത് നിയമവിരുദ്ധമാണ്. ഇതുൾപ്പെടെ അവ്യക്തമായ മറുപടികൾ പരിഹരിച്ച് വ്യക്തമായ മറുപടി നൽകണമെന്ന് ആവശ്യപ്പെടുന്നു.

താങ്കളുടെ സ്ഥാപനത്തിന്റെ സൊസൈറ്റി രജിസ്ട്രേഷൻ, ബൈലോ, എന്നിവ നിയമസഭയിൽ സമർപിക്കപ്പെട്ട രേഖകളിൽ നിന്നും ലഭിച്ചിട്ടുണ്ട്. ആയതിനാൽ അതിന്റെ പകർപ്പ് ആവശ്യമില്ലെന്ന് അറിയിക്കുന്നു. വിവരാവകാശ നിയമപ്രകാരം കെ ഡിസ്ക് വെളിപ്പെടുത്താൻ മടിക്കുന്ന രേഖകളിൽ പലതും നിയമസഭ ചോദ്യങ്ങളുടെ മറുപടിയായി മാധ്യമപ്രവർത്തകർക്കും, പൊതുപ്രവർത്തകർക്കും ലഭിക്കുന്നുണ്ട്. വിവരാവകാശ നിയമപ്രകാരമുള്ള ചോദ്യങ്ങൾക്കും ഇതേ പരിഗണന അർഹിക്കുന്നതാണ്. വിവരാവകാശ നിയമപ്രകാരം കൃത്യമായ വിവരങ്ങൾ നൽകാതിരിക്കുന്നത് അഴിമതി ഒളിക്കാനുള്ള ശ്രമമാണെന്ന വിമർശനങ്ങൾ ശരിവയ്ക്കുന്നതാണ്. കെ ഡിസ്ക് പോലൊരുസ്ഥാപനത്തെ സംബന്ധിച്ചിടത്തോളം വിവരങ്ങൾ വെളിപ്പെടുത്തുന്നത് പൊതു മധ്യത്തിൽ സ്ഥാപനത്തിന്റെ വിശ്വാസ്യത വർധിപ്പിക്കും.

10-ാം ചോദ്യത്തിൽ പറയുന്ന ഗവേണിങ് ബോഡി അറ്റൻഡൻസ് ഷീറ്റിന്റെ മിനിട്സിന്റെ പകർപ്പിന (15 പേജ്) പണം അടച്ച രസീത് ഇതോടൊപ്പം ഹാജരാക്കുന്നു. ഇതിന്റെ പകർപ്പ് നൽകണമെന്നും ഈ അപ്പീൽ പരിഗണിച്ച് വിവരങ്ങൾ നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെടുന്നു.

വിശ്വസ്തതയോടെ,
ബി.അജിത് രാജ്

10-01-2023
തിരുവനന്തപുരം

Azadi Ka Amrit Mahotsav

K-DISC
Kerala Development and Innovation Strategic Council

# കേരള ഡെവലപ്മെന്റ് & ഇന്നവേഷൻ സ്ട്രാറ്റജിക് കൗൺസിൽ

4th ഫ്ലോർ, ഇന്ത്യ ഹൈറ്റ്സ് ബിൽഡിംഗ്,
ഗവണ്മെന്റ് വിമൻസ് കോളേജ് റോഡ്,
വഴുതക്കാട്, തൈക്കാട് പി. ഒ.
തിരുവനന്തപുരം 695014.
ഫോൺ : 0471 - 2334472 , 2332920

നമ്പർ.696/2022/KDISC

തീയതി: 09.02.2023

പ്രേഷകൻ

മെമ്പർ സെക്രട്ടറി

സ്വീകർത്താവ്

ബി. അജിത് രാജ്
സ്റ്റാഫ് റിപ്പോർട്ടർ
മാതൃഭൂമി, തിരുവനന്തപുരം

സർ,

വിഷയം:- വിവരാവകാശ നിയമം 2005 പ്രകാരം ബി. അജിത് രാജ് 10.01.203 ന സമർപ്പിച്ച അപ്പീൽ അപേക്ഷയിന്മേലുള്ള - മറുപടി സംബന്ധിച്ച്

സൂചന:- താങ്കളുടെ 10.01.2023-ലെ വിവരാവകാശ നിയമ പ്രകാരമുള്ള അപ്പീൽ അപേക്ഷയിന്മേലുള്ള – മറുപടി

സൂചനയിലേക്ക ശ്രദ്ധ ക്ഷണിക്കുന്നു. 10.01.2023 ലെ അപ്പീൽ അപേക്ഷയിൽ താങ്കൾ ആവശ്യപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ഒന്നാമത്തെ ചോദ്യം സംബന്ധിച്ച് 4613 പേജുകളടങ്ങുന്ന രേഖകൾ, പരിശോധിക്കാൻ 16.02.2023-ന്, 3:00 PM-ന് ഹാജരാകേണ്ടതാണ്.

രണ്ടാം ചോദ്യത്തിൽ, ജില്ലാ തലത്തിലെ നിയമനങ്ങളെക്കുറിച്ച് വിവരങ്ങൾ നൽകിയിട്ടുണ്ട്. എന്നാൽ, RTI ACT,2005, Section 8 (j)വകുപ്പ് പ്രകാരം പേര്, മൊബൈൽ നമ്പർ, ശമ്പളം, എന്നീ വിവരങ്ങൾ അനുവദിക്കാൻ സാധിക്കുകയില്ല. താങ്കളുടെ ചോദ്യത്തിൽ പ്രതിപാദിക്കുന്ന ജില്ലാതല റിപ്പോർട്ടിങ് ഓഫീസർ നിലവിലില്ല.

അഞ്ചാം ചോദ്യത്തിൽ കെ-ഡിസ്ക് / കെ-ഡിസ്കിന് വേണ്ടി സിഎംഡി കഴിഞ്ഞ ഒരു വർഷം നടത്തിയ നിയമന തെരെഞ്ഞെടുപ്പുകളെ സംബന്ധിച്ച വിവരങ്ങളാണ് ആവശ്യപെട്ടിരുന്നത്. കഴിഞ്ഞ ഒരു വര്ഷത്തിനിടയിൽ കെ-ഡിസ്ക് നേരിട്ട് നിയമനം നടത്തിയിട്ടില്ല.

കെ-ഡിസ്കിന് വേണ്ടി നിയമന തെരഞ്ഞെടുപ്പുകൾക്കായി വിജ്ഞാപനം പുറപ്പെടുവിക്കൽ, അപേക്ഷകളുടെ പരിശോധന, തുടർന്നുള്ള സൂക്ഷ്മപരിശോധന, പരീക്ഷകളുടെ നടത്തിപ്പ്, അഭിമുഖമടക്കമുള്ള മുഴുവൻ നടപടികളും സിഎംഡിയാണ് കൈകാര്യം ചെയ്യുന്നത്. ഇതുകൊണ്ടുതന്നെ ഇതുമായി ബന്ധപ്പെട്ട രേഖകളും സിഎംഡിയുടെ കൈവശമാണ് ലഭ്യമാകുക. ആയതിനാൽ RTI ACT,2005, Section 6{3(i)(ii)} വകുപ്പ് പ്രകാരമാണ് ഈ ചോദ്യം സിഎംഡി-ക്ക് കൈമാറിയിട്ടുള്ളത്.

വിശ്വസ്തതയോടെ

Unnikrishnan PV

Dr. P.V. Unnikrishnan

മെമ്പർ സെക്രട്ടറി

GOVERNMENT OF KERALA

**CHALAN** ORIGINA[L]

FORM T. R. 12

[*See* Rules 102 (c) and 124 of Kerala Treasury Code]

Chalan for Payment of Money into the District Treasury/Sub Treasury/ State Bank of India

At: അഡീ. സബ് ട്രഷറി

Computer Seq. No. ______ Date 9/1/2[…]

Head of Account: 0070 (Maj) 60 (Smj) 118 (Min) 9 (Sub) 9 (Det) (Obj) (S Ob[j])

*DDO Code: (Dept.) ______ (DDO) ______

*SDO Code: ______

| By whom paid and name and address of the person on whose behalf money is paid | Purpose of remittance and authority, if any | Amount in ₹ | Order to the Bank |
|---|---|---|---|
| B. അജിത്നാഥ് [illegible] | വിവരാവകാശനിയമം 2005 [illegible] | 45/- | Correc[t] Receiv[ed] and gra[nt] receip[t] |
| Signature and Designation of the Departmental Officer countersigning the remittance | | | Treasu[ry] Office[r] |
| | Total | 45/- | |

Total in words: [illegible]

Signature of Remitter

Received ₹ ........ Rupees ........ or[…]

Date ........ Seal

Signature of Treasurer/Cashier Treasury Officer/Bank Mana[ger]

*Note:* 1. The seal/stamp of the Treasury/Bank of collection shall [be] affixed.

2. If remittance is in official capacity (SDO/DDO), w[…] corresponding codes are to be provided.

3. If loan repayment or SDO, write instalment number[…] purpose[…]

RECEIVED

TREASURER
ADDITIONAL SUB TREASURY
VANCHIYOOR, TVM

128 0346604620 22[…]

GPM, 224/216/2020/2 Lakhs[…]

10. ഗവേർണിംഗ് ബോഡി അറ്റെൻഡൻസ് ഷീറ്റോട്ടുകൂടിയ മിനുട്സ് 15 പേജുകളിലായാണ് ഉള്ളത്

മേൽപറഞ്ഞ 1,7,8,10 എന്നീ ഇനങ്ങളുടെ വിവരങ്ങൾ 4660 പേജുകളുണ്ട്, പകർപ്പുകൾ ലഭ്യമാക്കാൻ പേജ് ഒന്നിന് 3 രൂപാ നിരക്കിൽ, 13,980 രൂപ "0070-60-118-99-receipts under Right to Information Act 2005 "എന്ന ശീർഷകത്തിൽ ട്രഷറിയിൽ ഒടുക്കി അസ്സൽ ചെല്ലാൻ രസീത് ഹാജരാക്കേണ്ടതാണ്

മേൽ മറുപടിയിൽ തങ്ങൾക്ക് പരാതിയുള്ള പക്ഷം മറുപടി ലഭിച് 30 ദിവസത്തിനകം അപ്പീൽ അധികാരിക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്.

<u>അപ്പീൽ അധികാരി</u>

ഡോ.പി.വി ഉണ്ണികൃഷ്ണൻ
മെമ്പർ സെക്രട്ടറി
കേരള ഡവലപ്മെന്റ് & ഇന്നോവേഷൻ സ്ട്രാറ്റജിക് കൌൺസിൽ
ഇന്ത്യ ഹൈറ്റ്സ് ബിൽഡിംഗ് ,വിമൻസ് കോളേജ് റോഡ്, വഴുതക്കാട്
തിരുവനന്തപുരം, കേരളം 695014
മൊബൈൽ നമ്പർ : 9447772818.

വിശ്വസ്തതയോടെ,

സുരേഷ് കുമാർ എസ്
സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ